**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 119** **07-06-2021 - ൽ മറുപടിയ്ക്ക്**

**എ.പി.എൽ.-ബി.പി.എൽ. കാർഡ് മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri G R Anil<br>(ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ വിവിധ താലൂക്കുകളിൽ റേഷൻ കാർഡുകൾ എ.പി.എൽ. വിഭാഗത്തിൽ നിന്നും ബി.പി.എൽ. ആയി മാറ്റിക്കിട്ടാൻ അർഹതയുള്ളവർ നൽകിയ അപേക്ഷകൾ തീർപ്പാക്കുന്നതിൽ തദ്ദേശ - -നിയമസഭ തിരഞ്ഞെടുപ്പുകളെത്തുടർന്ന് കാലതാമസം നേരിട്ടത് സമയബന്ധിതമായി പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; | (എ) | മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി തെരഞ്ഞെടുപ്പ്/ലോക് ഡൗൺ സമയത്ത് ലഭിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇത്തരത്തിൽ എത്ര അപേക്ഷകളാണ് ഇനിയും തീർപ്പ് കൽപ്പിക്കാതെ വിവിധ ടി.എസ്.ഒ. ഓഫീസുകളിൽ കെട്ടികിടക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ് ജില്ലയിൽ തീർപ്പ് കൽപ്പിക്കാനുള്ള 2065 അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | കൂടാതെ ജില്ലയിൽ ഗുരുതര രോഗങ്ങൾ നിമിത്തം അവശരായ എത്ര കുടുംബങ്ങളാണ് അവരുടെ കാർഡുകൾ ബി.പി.എൽ. ആയി മാറ്റിക്കിട്ടാൻ അപേക്ഷ നൽകിയിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷകളിൽ എപ്പോൾ തീരുമാനമെടുക്കുമെന്നും വ്യക്തമാക്കാമോ? | (സി) | മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ സമർപ്പിച്ച ഗുരുതര രോഗബാധിതരായ അംഗങ്ങളുള്ള 190 കുടുംബങ്ങളെ പ്രാഥമിക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിൽ ഒഴിവ് വരുന്ന മുറയ്ക്ക് അർഹരായ മുഴുവൻ അപേക്ഷകരെയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ